"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കോട്ടയം ജില്ലയിലെ വട്ടമൂട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടയം സബ് കോടതിയിലെ എൽ.എ.ആർ. 15/16 , 45/13, എന്നീ കേസുകൾക്ക് ബാലൻസ് വിധിത്തുക നൽ കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.537/2024/PWD തീയതി,തിരുവനന്തപുരം, 29-05-2024

---

പരാമർശം:-
1. സ.ഉ.(സാധാ)നം.1357/2011/പൊമവ തീയതി 07.10.2011
2. സ.ഉ.(സാധാ)നം.405/2020/പൊമവ തീയതി 15.04.2020
3. സ.ഉ.(സാധാ)നം.1109/2022/പൊമവ തീയതി 14.11.2022
4. നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 26-07-2023 തീയതിയിലെ CEPWD/12551/2022-FR9-PWD നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം ജില്ലയിലെ വട്ടമൂട് പാലം നിർമ്മാണ പ്രവൃത്തിക്ക് 900 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട 11 എൽ.എ.ആർ. കേസുകൾക്ക് 6,66,31,243/- രൂപയുടെ ഭരണാനുമതി പരാമർശം (2) പ്രകാരവും, 10 എൽ.എ.ആർ. കേസുകൾക്ക് 47,85,032/- രൂപയുടെ ഭരണാനുമതി പരാമർശം (3) പ്രകാരവും 5054-04-337-80-PC എന്ന ശീർഷകത്തിൽ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കോട്ടയം ജില്ലയിലെ വട്ടമൂട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എൽ.എ.ആർ. 45/13, 15/16 എന്നീ കേസുകൾക്ക് ബാലൻസ് വിധിത്തുക നൽകുന്നതിനായി 45035/- രൂപ (6823 /-+38212 /-) ആവശ്യമുണ്ടെന്നും, പ്രസ്തുത പ്രവ്ൃത്തിയുമായി ബന്ധപ്പെട്ട് മറ്റ് എൽ.എ.ആർ. നമ്പർ കേസുകൾക്കായി മുൻപ് ഭരണാനുമതി നൽകിയ തുകയോടൊപ്പം ഇപ്പോൾ ആവശ്യമുള്ള തുകയായ 45,035/ - രൂപയും കൂടെ ചേർത്ത് ആകെ 7,14,61,310/- (6,66,31,243 + 47,85,032 +45,035/-) രൂപയുടെ (ഏഴുകോടി പതിനാല് ലക്ഷത്തി അറുപത്തിയൊന്നായിരത്തി മുന്നൂറ്റി പത്ത് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിക്കണമെന്നും പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം (4) പ്രകാരം അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ വട്ടമൂട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എൽ. എ.ആർ. നമ്പർ 45/2013, 15/2016 എന്നീ കേസുകൾക്ക് ബാലൻസ് വിധിത്തുക നൽകുന്നതിനായി മുൻപ് ഭരണാനുമതി നൽകിയ

തുകയോടൊപ്പം ഇപ്പോൾ ആവശ്യമുള്ള തുകയായ 45,035/ - രൂപയും കൂടെ ചേർത്ത് ആകെ 7,14,61,310/- (6,66,31,243 + 47,85,032 +45,035/-) രൂപയുടെ (ഏഴുകോടി പതിനാല് ലക്ഷത്തി അറുപത്തിയൊന്നായിരത്തി മുന്നൂറ്റി പത്ത് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SMITHA ALEX
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ, നിരത്തുകൾ വിഭാഗം
ജില്ലാ കളക്ടർ, കോട്ടയം
എക്സിക്യൂട്ടീവ് എൻജിനീയർ, നിരത്തുകൾ വിഭാഗം, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ &പി ആർ ഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Chithra G S
Date: 29-05-2024 17:27:35
സെക്ഷൻ ഓഫീസർ